(ഡി) ഇല്ല.

(ഇ) ഉത്തരം 'ഡി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

സ്ത്രീകൾക്കെതിരായ അക്രമങ്ങൾ

41 [45] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മെയ്മാസം മുതൽ നാളിതുവരെ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച് എത്ര കേസുകൾ കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കൊലപാതകം, ബലാൽസംഗം, തട്ടിക്കൊണ്ടുപോകൽ, സ്ത്രീധന പീഡനം, സ്ത്രീധനപീഡനത്തെത്തുടർന്നുള്ള മരണം, ലൈംഗീക പീഡനം എന്നിങ്ങനെ കുറ്റകൃത്യങ്ങളുടെ സ്വഭാവം വേർതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ഡി) ഇത്തരം കേസുകളിൽ എത്ര കേസുകൾ കോടതിയിൽ എത്തിച്ചിട്ടുണ്ടെന്നും എത്ര കേസുകളിൽ വിസ്താരം പൂർത്തിയാക്കി വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) ഈ വിധിന്യായം പുറപ്പെടുവിച്ച എത്ര കേസുകളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

അന്വേഷണം പൂർത്തിയാക്കിയ പെൺവാണിഭക്കേസുകൾ

42 [46] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽവന്നതിനുശേഷം 2005 ജനുവരി 15 വരെ സംസ്ഥാനത്ത് എത്ര പെൺവാണിഭക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം കേസുകളിലെ പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പെൺവാണിഭസംഘങ്ങളെക്കുറിച്ച് അന്വേഷിക്കാൻ പോലീസ് സേനയിൽ പ്രത്യേക സംവിധാനം നിലവിലുണ്ടോ;

(ഇ) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 48 കേസുകൾ.

(ബി) 34 കേസുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(സി) തമ്പാനൂർ പി. എസ്. ക്രൈം. 282/2004, പൂജപ്പുര പി. എസ്. ക്രൈം. 83/2004, കൊല്ലം പരവൂർ പി. എസ്. ക്രൈം. 364/2004, കൊട്ടിയം പി. എസ്. ക്രൈം. 197/2004, ചാലക്കുടി പി. എസ്. ക്രൈം. 334/2003, ഗുരുവായൂർ പി. എസ്. ക്രൈം. 333/2004, എടക്കര പി. എസ്. ക്രൈം. 217/2004, നടക്കാവ് പി. എസ്. ക്രൈം. 420/2002, നടക്കാവ് പി. എസ്. ക്രൈം. 486/2002, കോഴിക്കോട് വനിതാ പി. എസ്. ക്രൈം. 29/2002, 18/2003 എന്നീ കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ട്.

(ഡി) പ്രത്യേകം സംവിധാനം ഇല്ല.

(ഇ) ഉത്തരം 'ഡി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

കന്യാസ്ത്രീകളെ ആക്രമിക്കൽ

43 [47] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാനത്ത് കന്യാസ്ത്രീകളേയും മറ്റ് ക്രിസ്ത്യൻ മിഷനറിമാരേയും ആക്രമിച്ചതായിട്ടുള്ള എത്ര സംഭവങ്ങളുണ്ടായിട്ടുണ്ടെന്നും അതിന്റെ വിശദാംശങ്ങളും നൽകുമോ;

(ബി) ഇതിൽ ഒരോ കേസിലും എത്രപേരെവീതം അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഏതെങ്കിലും കേസിൽ പ്രതികളെ ഇനിയും അറസ്റ്റുചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇത്തരം ആക്രമങ്ങളുമായി ബന്ധപ്പെട്ട എല്ലാ കേസുകളും ചാർജ്ജ് ചെയ്ത് കോടതി നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(ഇ) കോടതിയിൽ പ്രതികൾക്കെതിരെ കുറ്റപത്രം നൽകാത്തതായി ഏതെങ്കിലും കേസുകളുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(എഫ്) ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly